നമ്പർ. എ.1/1496/2019

കെ.എൻ.എം. ഗവ. ആർട്സ് & സയൻസ്
കോളേജ്, കാഞ്ഞിരംകുളം – 695 524
ഫോൺ നം. 0471-2260092
തീയതി: 16/09/2019

## ഷോർട്ട്ക്വട്ടേഷൻ നോട്ടീസ്

2018-19 ലെ കോളേജ് മാഗസിൻ അച്ചടിക്കുന്നതിന് ചുവടെ പരാമർശിക്കുന്ന നിബന്ധനകൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി സീലുവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

1. '300 GSM' പേപ്പർ ഉപയോഗിച്ച് കവർപേജുകളും,
   '100 GSM' പേപ്പർ ഉപയോഗിച്ച് മറ്റെല്ലാ പേജുകളും ഉൾപ്പെടെ ആകെ 80 (എൺപത്) പുറങ്ങളുള്ള 700 മാഗസിൻ എല്ലാപുറങ്ങളും കളറിൽ നല്ല നിലവാരത്തിൽ അച്ചടിക്കണം.

2) നികുതികളും മറ്റ് കൈകാര്യച്ചെലവുകളും ഉൾപ്പെടെ മാഗസിൻ കോളേജിൽ എത്തിക്കുന്നതിനുള്ള തുക ചുവടെ പരാമർശിക്കുന്ന ക്രമത്തിൽ ഓരോ ഇനത്തിനുമായാണ് പരാമർശിക്കേണ്ടത്. യാതൊരു കാരണവശാലും അധികതുക അനുവദിക്കുന്നതല്ല.
   a) പേപ്പറിന്റെ വില :
   b) പ്രിന്റിംഗ് ചാർജ് :
   c) ലേഔട്ട് :
   d) ഡിസൈൻചാർജ് :
   e) മറ്റിനങ്ങൾ :

3) കവറിനുപുറത്ത്, മുകളറ്റത്ത് "ക്വട്ടേഷൻ – കോളേജ് മാഗസിൻ 2018-19" എന്ന് വ്യക്തമായി രേഖപ്പെടുത്തി 'പ്രിൻസിപ്പൽ, കെ.എൻ.എം. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കാഞ്ഞിരംകുളം 695 524' എന്ന വിലാസത്തിൽ ലഭ്യമാക്കണം.

4) ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 23/09/2019ന് 2.30PM. 23/09/2019ന് 3 PM ന് (ക്വട്ടേഷൻ നൽകിയവരോ, അവരുടെ പ്രതിനിധികളോ സന്നിഹിതരാണെങ്കിൽ അവരുടെ സാന്നിധ്യത്തിൽ) തുറക്കുന്നതാണ്. (ഏതെങ്കിലും കാരണവശാൽ ടി തീയതി അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ടി സമയക്രമം പാലിച്ച് നടപടികൾ സ്വീകരിക്കും.)

Scanned by CamScanner

5) തക്കതായ കാരണം കാണിക്കാതെ തന്നെ ക്വട്ടേഷൻ/ക്വട്ടേഷനുകൾ നിരസിക്കുവാനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

6) ഏറ്റവും കുറഞ്ഞ തുക പരാമർശിക്കുന്ന സ്ഥാപനത്തെയാണ് സാധാരണ തെരെഞ്ഞെടുക്കുന്നത്.

7) അച്ചടി ഉത്തരവ് ലഭിക്കുന്ന സ്ഥാപനം, ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനകം കേരളത്തിനകത്തു നിന്നും വാങ്ങിയ ₹200/- (ഇരുന്നൂറ്) രൂപ മുദ്രപത്രത്തിൽ, നിശ്ചിത മാതൃകയിലുള്ള കരാർ നൽകേണ്ടതാണ്.

8) അച്ചടി ഉത്തരവ് ലഭിച്ച് പതിനാല് (14) ദിവസത്തിനകം മാഗസിൻ അച്ചടിച്ച് നൽകേണ്ടതാണ്.

9) മുഴുവൻ മാഗസിനും നല്ല നിലവാരത്തിൽ മേൽ പരാമർശിച്ച നിർദ്ദേശങ്ങൾ പാലിച്ച്, കോളേജിൽ ലഭ്യമാക്കിയ ശേഷം മാത്രമേ തുക 'ചെക്ക്' ആയി അനുവദിക്കുകയുള്ളൂ.

10) ടി തുക ലഭ്യമാക്കുന്നതിനു വേണ്ടി ഇൻവോയ്സ് സമർപ്പിക്കേണ്ടതാണ്.

പ്രിൻസിപ്പൽ

PRINCIPAL
Kunjukrishnan Nadar Memorial
Govt Arts & Science College
Kanjiramkulam-695 524.

പകർപ്പ്:-
1) ശ്രീമതി. രേഖ വി.ജി., സ്റ്റാഫ് അഡ്വൈസർ
2) ഡോ. ആർ.ജയകുമാർ, സ്റ്റാഫ് എഡിറ്റർ
3) അസ്ന യാസ്മിൻ എം.ജെ., മാഗസിൻ എഡിറ്റർ
4) കോളേജ് നോട്ടീസ്ബോർഡ്.
5) വിവിധ സ്ഥാപനങ്ങൾക്ക്.
6) ശ്രീ. വിമൽകുമാർ സി.എൽ.
കോളേജ് വെബ്സൈറ്റിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതിന്

---

കുറിപ്പ്:- ഈ കാര്യാലയത്തിലേക്കുള്ള എല്ലാ കത്തിടപാടുകളിലും വിലാസത്തിലെ **ഗവൺമെന്റ്** എന്ന ഭാഗം വ്യക്തമായി പരാമർശിക്കണം.

Scanned by CamScanner